(സി) ഈ സർക്കാർ പ്രഖ്യാപിച്ച എത്ര പദ്ധതികൾ തുടർന്നുള്ള ബഡ്ജറ്റുകളിൽ മതിയായ ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിന്റെ പേരിൽ നടപ്പിലാക്കുവാൻ സാധിക്കാതെ പോയിട്ടുണ്ട്; അവ ഏതൊക്കെ; വിശദമാക്കാമോ;

(ഡി) 2016-17 വർഷത്തേക്കുള്ള ബഡ്ജറ്റിൽ ഈ സർക്കാർ ഇതിനകം പ്രഖ്യാപിച്ച എല്ലാ പദ്ധതികളും നടപ്പിലാക്കാൻ സാദ്ധ്യമാകുംവിധം മതിയായ ബഡ്ജറ്റ് വിഹിതം വകയിരുത്തിക്കൊണ്ടുള്ളതായിരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഭരണാനുമതി നേടിയ പദ്ധതികൾക്ക് ഭരണ വകുപ്പ് നിർദ്ദേശങ്ങൾ പരിഗണിച്ച് 2015-16 വർഷം വിഹിതം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടും നടപ്പിലാക്കാൻ കഴിയാതെ പോയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിച്ച് ബഡ്ജറ്റ് വിഭാഗത്തിൽ ഇപ്പോൾ സൂക്ഷിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികൾക്ക് അനുമതി ഉത്തരവുകൾ ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പദ്ധതി വിഹിതം 2015-16 വർഷം അനുവദിച്ചുവരുന്നു.

(സി) മതിയായ ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിന്റെ പേരിൽ പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കാതെ പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രഖ്യാപിച്ച പദ്ധതികൾ വിവിധ ഭരണ വകുപ്പുകൾ മുഖേനയാണ് നിർവ്വഹിക്കപ്പെടുന്നത്. ഈ വകുപ്പിൽനിന്നും ലഭിച്ചിട്ടുള്ള ശിപാർശ പ്രകാരം പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി നൽകുകയും പൂർത്തീകരിക്കുകയും ചിലത് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ആവശ്യമായ ഭരണാനുമതിയും വിശദാംശങ്ങളും സഹിതം ഭരണവകുപ്പ് ശിപാർശ സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ട്.

(ഡി) പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പദ്ധതികൾക്കും പുതുതായി ആവിഷ്കരിക്കുന്ന പദ്ധതികൾക്കും വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിലാണ് വിഹിതം വകയിരുത്തുന്നത്. 2016-17 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് ഫെബ്രുവരി 12-ാം തീയതി നിയമസഭയിൽ സമർപ്പിക്കുന്നതാണ്.

ബഡ്ജറ്റ് വിഹിതം

153 (125) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെയുള്ള ഓരോ ബഡ്ജറ്റിലും സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും, അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ബഡ്ജറ്റുകളിലായി ഇവയ്ക്കോരോന്നിനുമായി വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്രയാണ്; വ്യക്തമാക്കാമോ;

(സി) ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വ്യക്തമാക്കാമോ?

ഉത്തരം

(എ) വിഴിഞ്ഞം ഇറമുഖ പദ്ധതി, സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ പദ്ധതി, കണ്ണൂർ വിമാനത്താവളം, നാഷണൽ ഗെയിംസ്, കൊച്ചിൻ എയർപോർട്ട്, മലയോര വികസന അതോറിറ്റി, വർക്കലയുടെ സമഗ്ര വികസനം, വള്ളുവനാട് വികസന അതോറിറ്റി, ഭരണങ്ങാനം വികസന അതോറിറ്റി, ഹിൽ ഹൈവേ, മൊബിലിറ്റി ഹബ്ബുകൾ, കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ തുടങ്ങിയവയാണ് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പരിഗണന നൽകി നടപ്പിലാക്കി വരുന്ന പദ്ധതികളിൽ പ്രധാനപ്പെട്ടവ. ഈ വൻകിട അടിസ്ഥാന വികസന പദ്ധതികൾ എല്ലാംതന്നെ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ബി) 2011-12 സാമ്പത്തിക വർഷം മുതൽ പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ വിഹിതം, യഥാർത്ഥ ചെലവ്, മിച്ചം, ചെലവിന്റെ ശതമാനം എന്നിവയുടെ വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച വിഹിതത്തിൽ നിന്നും മറ്റ് ആവശ്യങ്ങൾക്കായി തുക റീഅപ്രോപ്രിയേറ്റ് ചെയ്തിട്ടില്ല.

പതിനാലാം ധനകാര്യ കമ്മീഷൻ സംസ്ഥാന വിഹിതം

154 (126) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം ധനകാര്യ കമ്മീഷനോട് സംസ്ഥാന സർക്കാർ എന്തെല്ലാം പ്രധാന ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ടായിരുന്നു; അവയിൽ അംഗീകരിച്ച് അവാർഡ് ചെയ്തിട്ടുള്ളവ എന്തെല്ലാമായിരുന്നു;

(ബി) റവന്യൂ കമ്മി നികത്തുന്നതിന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്ന തുക എത്രയായിരുന്നു;

(സി) സംസ്ഥാനങ്ങളുടെ നികുതി വിഹിതം 50%മായി വർദ്ധിപ്പിക്കണമെന്ന് സംസ്ഥാനം ഏത് വർഷം മുതൽ ആവശ്യപ്പെട്ട് വരുന്നുണ്ട്; ഇത് എത്ര ശതമാനമായിട്ടാണിപ്പോൾ പരിമിതപ്പെടുത്തിയിരിക്കുന്നത്;

(ഡി) പതിനാലാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന്റെ പ്രമുഖമായ എന്തെല്ലാം ആവശ്യങ്ങൾ അവഗണിക്കുകയുണ്ടായി;

(ഇ) കേന്ദ്ര ആവിഷ്കൃതമായ എത്ര പദ്ധതികളാണ് കേന്ദ്രം നിർത്തലാക്കിയിരിക്കുന്നത്; അത് വഴി സംസ്ഥാനത്തിന് പ്രതിവർഷം നഷ്ടപ്പെടുന്ന തുക എത്ര കോടിയാണ് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ പതിനാലാം ധനകാര്യ കമ്മീഷന് സമർപ്പിച്ച നിവേദനത്തിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാനങ്ങൾക്ക് വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതം നിലവിലുള്ള 32 ശതമാനത്തിൽനിന്നും 50 ശതമാനമായി വർദ്ധിപ്പിക്കണം.
2. കഴിഞ്ഞ മൂന്ന് വർഷങ്ങളായി നിലവിലുള്ള സെസ്സുകളും സർചാർജ്ജുകളും വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതത്തിന്റെ പരിധിയിൽ കൊണ്ടുവരണം.

LIBRARY ARCHIVES Kerala Legislative Assembly